മേഖലയിൽ പങ്കെടുപ്പിക്കുന്നതിനായി 25 ലക്ഷം രൂപയുടെ ഒരു പദ്ധതിയും ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം താഴെപ്പറയുന്ന മേഖലകളിൽ സ്ത്രീകൾക്ക് പരിശീലനം നല്കിവരുന്നു.

1. ശാസ്ത്രീയ വിള പരിപാലനം
2. കീടരോഗ നിർമ്മാർജനം.
3. ജൈവവളങ്ങളുടെ പ്രയോഗം.
4. പച്ചക്കറികൃഷി, പുഷ്പകൃഷി
5. കോഴി വളർത്തൽ
6. മൃഗസംരക്ഷണം (പശുവളർത്തൽ)
7. രോഗ നിയന്ത്രണം
8. തേനീച്ച വളർത്തൽ
9. കൂൺ കൃഷി
10. വീട്ടുവളപ്പിൽ സാങ്കേതികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള പരിശീലനം.

സംസ്ഥാന പദ്ധതിപ്രകാരം ഈ സാമ്പത്തിക വർഷം മണ്ണിര കംമ്പോസ്റ്റ് നിർമ്മാണം, പുഷ്പ വിപണനം, ഫ്രൂട്ട് ജൂസ് പാർലർ, കാർഷിക വിഭവ സംസ്കരണം എന്നീ മേഖലകളിലും പരിശീലനം നല്കിവരുന്നു.

(ഡി) കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആർ.എ.റ്റി.റ്റി.സി. വഴിയും വനിതാ ഗ്രൂപ്പുകൾ വഴിയും മൃഗസംരക്ഷണം, ഡയറി, കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിലെ വിദഗ്ധർ മുഖേനയും പരിശീലനം നൽകുന്നുണ്ട്.

(ഇ &എഫ്) ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 6,64,580 രൂപ ലഭിച്ചിട്ടുണ്ട്.

(ജി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) കുറ്റമറ്റ രീതിയിലാണ് പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നത്.

ദേശീയ ബയോഗ്യാസ് വികസന പദ്ധതി

6 (*513) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ ബയോഗ്യാസ് വികസന പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വർദ്ധിച്ചുവരുന്ന ഇന്ധനക്ഷാമം പരിഹരിക്കാൻ പ്രസ്തുത പദ്ധതി എത്ര കണ്ട് പ്രയോജനമാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നു വെളിപ്പെടുത്തുമോ ;

(ഡി) ദേശീയ ബയോഗ്യാസ് വികസന പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തികസഹായം ലഭ്യമാക്കി വരുന്നുണ്ടോ, എങ്കിൽ കഴിഞ്ഞ രണ്ടു സാമ്പത്തികവർഷം എന്തുതുക കേന്ദ്ര സഹായമായി ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവ കേന്ദ്രീകരിച്ച് സാനിട്ടറി വിങ്ങ് ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ ;

(എഫ്) എങ്കിൽ ഓരോ വർഷവും എത്ര സാനിട്ടറി വിങ്ങ് ബയോഗ്യാസ് പ്ളാന്റുകളാണ് സ്ഥാപിച്ചു വരുന്നതെന്നു വെളിപ്പെടുത്തുമോ ;

(ജി) പാചകവാതകക്ഷാമം കണക്കിലെടുത്ത് സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കുന്ന പദ്ധതി കൂടുതൽ ആകർഷകമാക്കാൻ ഉദ്ദേശമുണ്ടോ ;

(എച്ച്) എങ്കിൽ ഇതിനായി പുതിയ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകുമോ ;

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) പാരമ്പര്യേതര ഊർജ്ജ സ്ത്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുക, പാചകാവശ്യത്തിനും ലൈറ്റുകൾ കത്തിക്കുന്നതിനുമുള്ള ഊർജ്ജം ഉപയോഗശൂന്യമായി കളയുന്ന ജൈവവസ്തുക്കളിൽ നിന്ന് ആദായകരമാക്കി ഉൽപാദിപ്പിക്കുക, വനിതകൾക്ക് പാചകത്തിന് സഹായമാക്കുക, വിറകിന്റെ ഉപയോഗം കുറച്ച് വനം സംരക്ഷിക്കുക, സസ്യപോഷക സമൃദ്ധമായ ജൈവവളം ഉൽപ്പാദിപ്പിച്ച് രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കുക. പാരമ്പര്യ ഇന്ധനങ്ങളുടെ (വിറക്, മണ്ണെണ്ണ, വൈദ്യുതി, ഡീസൽ) ഉപയോഗം കുറയ്ക്കുകയും ഇവ ഒഴിച്ചുകൂടാൻ കഴിയാത്ത വികസനപ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുക, ഡീസൽ പമ്പുസെറ്റുകൾ ജനറേറ്ററുകൾ എന്നിവയൽ ഇന്ധനമായി ബയോഗ്യാസ് ഉപയോഗപ്പെടുത്തി ഡീസൽ ലാഭിക്കുക, പരിസര മലിനീകരണം തടയുക.

(ബി) പാരമ്പര്യ ഇന്ധനവസ്തുക്കളുടെ ലഭ്യത കുറയ്ക്കുകയും അമിതമായി വില വർദ്ധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥയിൽ ജൈവ വസ്തുക്കളിൽ നിന്നുമുള്ള ബയോഗ്യാസ് വറ്റാത്ത ഊർജ്ജ ഉറവിടമായി നിലനിൽക്കുന്നു. എന്നതാണ് ഇതിന്റെ പ്രയോജനം.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1 മുതൽ 10 ഘനമീറ്റർ വലിപ്പമുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ചെറുകിട പരിമിത കർഷകർക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും 2300 രൂപയും മറ്റുള്ളവർക്ക് 1800 രൂപയും സബ്സിഡി ആയും പ്ലാന്റ് നിർമ്മിക്കുന്ന ടേൺകീ ഏജന്റിന് പ്ലാന്റ് ഒന്നിന് 500 രൂപയും ടേൺകീ ജോബ് ഫീസായും കേന്ദ്ര സർക്കാർ നൽകി വരുന്നു.

(ഡി) ഉണ്ട്. 1997-98-ൽ 49.35 ലക്ഷം രൂപയും 1998-99-ൽ 30 ലക്ഷം രൂപയും കേന്ദ്ര സഹായമായി ലഭിക്കും.

(ഇ) ഉണ്ട്.

(എഫ്) 1998-99 - 3, 1999-2000 - ൽ ലക്ഷ്യം നൽകിയിട്ടില്ല.

(ജി) ഉണ്ട്.

(എച്ച്) നൽകും.

കാർഷിക -ധനകാര്യ കോർപ്പറേഷൻ

7 (*514) ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക ധനകാര്യ കോർപ്പറേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) പ്രസ്തുത കോർപ്പറേഷൻ എന്നേയ്ക്ക് നിലവിൽ വരുമെന്ന് വെളിപ്പെടുത്താമോ ;

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്ത് ഒരു കാർഷിക വികസന ധനകാര്യ കമ്പനി തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി &സി) ഈ കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നോഡൽ ഓഫീസറായി കൃഷിവകുപ്പ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്.

പി.പി.എം. സെൽ ഡയറക്ടർ അദ്ധ്യക്ഷനായുള്ള ഒരു സമിതി റിപ്പോർട്ട് വിശദമായി പരിശോധിച്ചുവരികയാണ്. പദ്ധതിയുടെ എല്ലാ വശങ്ങളും പരിശോധിച്ചശേഷം അടിയന്തിര നടപടികൾ കൈകൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly